5396
14/3/17

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.എം. ഷാജി മോഹനനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

## തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.631/2017/തസ്വഭവ                    തീയതി, തിരുവനന്തപുരം, 08.03.2017

=====================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19.01.2013-ലെ ഇ 8(എസ് സി 31/12/റ്റിഎസ്ആർ)11553/12 നമ്പർ കത്ത്
2. വിജിലൻസ് (ഡി) വകുപ്പിന്റെ 13.05.2013-ലെ 1020/ഡി3/13 വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 17.06.2013-ലെ 33060/ഇപിബി3/2013/തസ്വഭവ നമ്പർ കുറ്റപത്രം
4. കുറ്റപത്രത്തിന് ശ്രീ. കെ.എം. ഷാജി മോഹനൻ സമർപ്പിച്ച പ്രതിവാദ പത്രിക
5. 08.03.2016-ലെ 33060/ഇപിബി3/2013/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
6. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. കെ.എം. ഷാജി മോഹനൻ 03.05.2016-ൽ സമർപ്പിച്ച പ്രതിവാദ പത്രിക.
7. പഞ്ചായത്ത് ഡയറക്ടറുടെ 22.11.2013, 23.03.2015, 09.05.2016 എന്നീ തീയതികളിലെ ഡി7-24216/2013. നമ്പർ കത്തുകൾ
8. സർക്കാരിന്റെ 02.06.2016-ലെ 33060/ഇപിബി3/2013/തസ്വഭവ നമ്പർ കത്ത്
9. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 24.11.2016-ലെ AI(1) 4675/16/GW നമ്പർ കത്ത്

## ഉത്തരവ്

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിൽ ആകസ്മിക പരിശോധന നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ട് പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ മുൻ നിർത്തി വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.എം. ഷാജി മോഹനന് പരാമർശം (3) പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി കെ.സി.എസ്. (സി.സി.എ) റൂൾ 1960 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ചു. അച്ചടക്ക നടപടി തുടർന്നുവരവെ 30.11.2013-ന് സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ കെ.എസ്.ആർ. ഭാഗം III-ലെ റൂൾ 3(a) പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി.

കുറ്റപത്രത്തിന് ടിയാൻ പരാമർശം (4), (6) എന്നിവ പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികകളിലെ വാദങ്ങളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (7) പ്രകാരം ചുവടെ ചേർക്കുന്ന അഭിപ്രായം ലഭ്യമാക്കി.

"കെട്ടിട നിർമ്മാണങ്ങൾ സംബന്ധിച്ച അപേക്ഷകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള ഉത്തരവാദിത്തം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. എന്നാൽ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ സേവനം ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറിക്ക് തന്റെ അധികാരം വികേന്ദ്രീകരിച്ച് പ്രസ്തുത ജീവനക്കാരുടെ സഹകരണത്തോടെ കെട്ടിട നിർമ്മാണ പ്രവർത്തികളുടെ സാധുതകൾ പരിശോധന നടത്തിച്ച് സെക്രട്ടറിക്ക് തീരുമാനങ്ങൾ എടുക്കാവുന്നതാണ്. എന്നാൽ ശ്രീ. ഷാജി മോഹനൻ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരെ പൂർണ്ണമായും പ്രയോജനപ്പെടുത്തിയിരുന്നതായി കാണുന്നില്ല.

ഫാദർ ദേവസ്സി പന്തല്ലൂക്കാരൻ എന്നയാൾ കെട്ടിട നമ്പർ ലഭിക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ 20.01.2012-ന് നൽകിയ അപേക്ഷയ്ക്കൊപ്പം കംപ്ലീഷൻ പ്ലാൻ, കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജാക്കിയിരുന്നതായി പരിശോധനയിൽ കാണുവാനായില്ല.

ഗ്രാമപഞ്ചായത്തിലെ 31.10.2011 ലെ എ4-719/2011 നമ്പർ കെട്ടിട നിർമ്മാണ അനുമതി പ്രകാരം ഗ്രൗണ്ട് ഫ്ളോർ 179.8 ചതുരശ്രമീറ്റർ, ഒന്നാം നില 187 ചതുരശ്രമീറ്റർ എന്നിങ്ങനെയാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ അപേക്ഷകൻ 20.01.2012-ന് നൽകിയ നമ്പറിംഗിനുള്ള അപേക്ഷ പ്രകാരം സെക്രട്ടറി സ്ഥല പരിശോധന നടത്തിയപ്പോൾ നിർമ്മാണാനുമതി നൽകിയതിൽ നിന്നും വ്യതിചലിച്ച് ഒരു നില സെല്ലാർ ഫ്ളോർ ആയി കൂടുതൽ നിർമ്മിച്ചിട്ടുള്ളതായി റിപ്പോർട്ടാക്കിയിട്ടുള്ളതായും ആയത് ക്രമവൽക്കരിക്കുകയോ, നീക്കം ചെയ്യുകയോ ചെയ്യേണ്ടതാണ് എന്ന് ആവശ്യപ്പെട്ടിട്ടുള്ളതായും കാണുന്നു. തുടർന്ന് 23.01.2012-ന് ലഭിച്ച അപേക്ഷ പ്രകാരം സെക്രട്ടറി ആയത് ക്രമവൽക്കരിച്ച് നൽകിയിട്ടുള്ളതായും കാണുന്നു. അതേ കെട്ടിടം പിന്നീട് ഷീറ്റ് മേഞ്ഞ്, ഭിത്തി കെട്ടി മറച്ച് മറ്റൊരു നിലകൂടി അനധികൃതമായി പണിയുകയുണ്ടായിട്ടുണ്ട്. എന്നാൽ ഈ അനധികൃത നിർമ്മാണം നടന്നിട്ടുള്ളത് ശ്രീ. ഷാജി മോഹനൻ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന സമയത്താണോ, ടിയാൻ സെക്രട്ടറിയുടെ ചുമതലയിൽ നിന്നും മാറിയ ശേഷമാണോ എന്നത് അന്വേഷണത്തിൽ വ്യക്തമായി മാനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല. വടക്കാഞ്ചേരി ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 26.07.2012-ലെ റിപ്പോർട്ടിൽ പ്രസ്തുത കെട്ടിടം നിർമ്മിച്ചിട്ടുള്ളത് നിയമാനുസൃത സെറ്റ് ബാക്ക് അളവുകൾ പാലിച്ചു കൊണ്ടല്ല എന്ന് പരാമർശിച്ചിട്ടുണ്ട്. കൂടാതെ 2 നിലകളിൽ കൂടുതലുള്ള നിർമ്മാണങ്ങൾക്ക് ഫയർ സർവ്വീസ് അധികൃതരുടെ അനുമതി ആവശ്യമാണ്. ആയതും ലഭ്യമാക്കിയിട്ടില്ല.

വിജിലൻസ് വിഭാഗം അധികൃതർ വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിൽ പരിശോധന നടത്തിയ ദിവസം സെക്രട്ടറി ശ്രീ. ഷാജി മോഹനൻ ആകസ്മിക അവധിയിൽ ആയിരുന്നു എന്ന് ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നു.

മേൽ സൂചിപ്പിച്ച വിവരങ്ങളിൽ നിന്നും നിലവിലുണ്ടായിരുന്ന കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് അനധികൃതമായി നടത്തിയ നിർമ്മാണം ക്രമവൽക്കരിച്ചു നൽകിയതിലും, കെട്ടിട നമ്പർ അനുവദിച്ചതിലും സെക്രട്ടറി ശ്രീ. ഷാജി മോഹനന് വീഴ്ച സംഭവിച്ചിട്ടുള്ളതായി കാണുന്നു."

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കേരള സർവ്വീസ് ചട്ടങ്ങളിലെ പാർട്ട് III റൂൾ 3(a) പ്രകാരം ശ്രീ. കെ.എം. ഷാജി മോഹനന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 2 വർഷത്തേക്ക് കുറവ് ചെയ്യുന്നത് സംബന്ധിച്ച താൽക്കാലിക തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന് പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. ഷാജി മോഹൻ പരാമർശം (6) പ്രകാരം സമർപ്പിച്ച മറുപടിയിന്മേൽ പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ നിലവിലുണ്ടായിരുന്ന കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് അനധികൃതമായി നടത്തിയ നിർമ്മാണം ക്രമവൽക്കരിച്ച് നൽകിയതിലും കെട്ടിട നമ്പർ അനുവദിച്ചതിലും സെക്രട്ടറി ശ്രീ. ഷാജി മോഹന് വീഴ്ച സംഭവിച്ചതായി റിപ്പോർട്ട് ചെയ്യുകയുണ്ടായി.

ഇക്കാര്യത്തിൽ പരാമർശം (8) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരാഞ്ഞതിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ പരാമർശം (9) പ്രകാരം സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് യോജിക്കുന്നു എന്നറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.എം. ഷാജി മോഹനൻ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ കേരള സർവ്വീസ് ചട്ടങ്ങളിലെ പാർട്ട് III റൂൾ 3(a) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 2 വർഷത്തേക്ക് കുറവു ചെയ്യുന്നതിനായെടുത്ത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

ജോയിന്റ് സെക്രട്ടറി

1. ശ്രീ. കെ.എം. ഷാജി മോഹനൻ, മുൻ സെക്രട്ടറി, വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
7. വിജിലൻസ് (ഡി) വകുപ്പ് (13.05.2013-ലെ 1020/ഡി3/2013/വിജി. നമ്പർ കത്ത്, 12.08.2015-ലെ 7889/ഡി3/2015/വിജി. നമ്പർ യു.ഒ. റിമാർക്സ് എന്നിവ പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.33060/ഇപിബി3/2013/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ